## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3131

18.06.2019-ൽ മറുപടിയ്ക്ക്

### ട്രോളിംഗ് നിരോധനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.ജെ. മാക്സി : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | വർഷത്തിൽ രണ്ട് ഘട്ടമായി ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഇപ്പോൾ ആലോചനയിലില്ല. |
| (ബി) | നിലവിൽ ട്രോളിംഗ് നിരോധനം എത്ര ദിവസമാണെന്നും ഏതൊക്കെ മാസങ്ങളിലാണെന്നും വ്യക്തമാക്കാമോ; | (ബി) | നിലവിലെ ട്രോളിംഗ് നിരോധനം 52 ദിവസമാണ്: ജൂൺ 10 മുതൽ ജൂലായ് 31 വരെ (52 ദിവസക്കാലം) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം നടപ്പാക്കുന്നു. |
| (സി) | എത്ര ദിവസത്തെ ട്രോളിംഗ് നിരോധനമാണ് കേന്ദ്രം നിർദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | കേന്ദ്രം 61 ദിവസമാണ് ട്രോളിംഗ് നിരോധനം നിർദ്ദേശിച്ചിട്ടുളളത് (ജൂൺ 01 മുതൽ ജൂലായ് 31 വരെ). |
| (ഡി) | ട്രോളിംഗ് നിരോധനം നിലവിൽ വന്നതിനുശേഷം മത്സ്യസമ്പത്തിൽ ക്രമാനുഗതമായ വർദ്ധനവ് വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ട്രോളിംഗ് നിരോധനം വന്നതിന് ശേഷം മത്സ്യസമ്പത്തിൽ ക്രമാനുഗതമായ വർദ്ധനവ് വന്നിട്ടുണ്ട്. അതിലുപരി മത്സ്യസമ്പത്ത് ഒരു പരിധിയിൽ കവിഞ്ഞ് താഴേക്ക് പോകാതെ പിടിച്ച് നിർത്തുന്നതിൽ ട്രോളിംഗ് നിരോധനം മൂലം സാധിച്ചിട്ടുണ്ട്. ചെറുമീനുകളെ പിടിക്കുന്നതിൽ നിയന്ത്രണം, 58 ഇനം മത്സ്യഇനങ്ങൾക്ക് മിനിമം ലീഗൽ സൈസ്, KMFR ആക്ട് ഭേദഗതി, ട്രോളിംഗ് നിരോധന കാലയളവ് 47 ദിവസത്തിൽ നിന്ന് 52 ആക്കുക എന്നീ നടപടികളുടെ ഫലമെന്നോണം 2016-17 ലെ 4.88 ലക്ഷം ടണ്ണിൽനിന്നും 2018-19 വർഷം 6.09 ലക്ഷം ടണ്ണിലേയ്ക്ക് സമുദ്ര മത്സ്യ ഉത്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ